## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1371

03.12.2015-ൽ മറുപടിയ്ക്ക്

### ചാലക്കുടി - ആനമല റോഡിന്റെ നവീകരണം

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അതിരപ്പിള്ളി - വാഴച്ചാൽ - മലക്കപ്പാറ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള അന്തർ സംസ്ഥാന ടൂറിസ്റ്റ് പാതയായ ചാലക്കുടി - ആനമല റോഡിന്റെ 10 കിലോമീറ്റർ ബി.എം. & ബി.സി . ടാറിംഗ് നടത്തി നവീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അടിയന്തിരമായി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ചാലക്കുടി - ആനമല റോഡിന്റെ 78/300 കി.മീ മുതൽ 88/403 കി.മീ വരെയുള്ള റോഡ് ബി.എം. & ബി.സി ടാറിംഗ് നടത്തി നവീകരിക്കുന്നതിനുള്ള 10 കോടി രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നല്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത റോഡിന്റെ നവീകരണത്തിനായി നേരത്തേ അനുവദിച്ച 30 കോടി രൂപയുടെ പ്രവൃത്തികളിൽ ഉൾപ്പെട്ടിരുന്ന സൈഡ് പ്രൊട്ടക്ഷൻ അടക്കമുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിൽ നിന്നും കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഒഴിവാക്കിയ സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ബി) | ടി പ്രവൃത്തികൾ നടപ്പാക്കുന്നതിൽ നിന്നും കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഒഴിവാക്കുന്നതിനുള്ള നടപടികളിൽ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ